പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2663      19.3.2015 ലെ മറുപടിയ്ക്ക്

## സുനാമി ഫണ്ട് ഉപയോഗിച്ച് ബേക്കൽ പാർക്ക് നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കാസർഗോഡ് ബേക്കൽ ബീച്ചിനടുത്ത് സുനാമി ഫണ്ട് ഉപയോഗിച്ച് പുതിയ പാർക്ക് നിർമ്മിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | എ) യും ബി) യും സി) യും ഡി) യും | കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിന്റെ തെക്ക് ഭാഗത്തായി ബി.ആർ.ഡി.സി. ഉടമസ്ഥതയിലുള്ള സ്ഥലത്ത് സുനാമി ഫണ്ട് ഉപയോഗിച്ച് പുതിയ പാർക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിക്കുന്നുണ്ട്. പണി പൂർത്തീകരിക്കാത്തതിനാൽ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്ക് തുറന്നു കൊടുത്തിട്ടില്ല. പണി പൂർത്തീകരിക്കുന്നതിനുമുമ്പ് തന്നെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് കമ്മറ്റി സി.ആർ.സെഡ് (CRZ) ക്ലിയറൻസ് കിട്ടാത്തതിനാൽ പ്രവർത്തനം നിർത്തി വയ്ക്കുവാൻ ആവശ്യപ്പെടുകയും സി.സെഡ്.എം.എ നിർദ്ദേശ പ്രകാരം പണി നിർത്തിവയ്ക്കുകയും ചെയ്തു. ഈ കാലയളവിൽ ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ സാമൂഹ്യ വിരുദ്ധർ നശിപ്പിക്കുകയും ചെയ്തു. ബി.ആർ.ഡി.സി. ഈ സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും ഏറ്റെടുക്കുകയും സി.സെഡ്.എം.എ.യിൽ നിന്നും സി.ആർ.സെഡ് അനുമതി വാങ്ങുകയും ടൂറിസം വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിൽ പാർക്കിന്റെ പുനരുദ്ധാരണത്തിന് പ്രോജക്ട് സമർപ്പിക്കുകയും ചെയ്തു. വർക്കിംഗ് ഗ്രൂപ്പ് പാർക്കിന്റെ പുനരുദ്ധാരണത്തിനായി 138 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 69 ലക്ഷം രൂപ ബി.ആർ.ഡി.സി. ക്ക് കൈമാറുകയും ബി.ആർ.ഡി.സി. പ്രസ്തുത പ്രവർത്തി കിറ്റ്കോ വഴി ടെൻഡർ ചെയ്യുകയും ചെയ്തു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2015 ആഗസ്റ്റ് മാസത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, പാർക്ക് ടൂറിസ്റ്റുകൾക്കായി തുറന്നു കൊടുക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | ഈ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്കായി തുറന്നു കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ; | | |
| സി) | കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച മേൽ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്ക് തുറന്നു കൊടുക്കാൻ പറ്റാത്തത് ആരുടെ വീഴ്ച കൊണ്ടാണെന്ന് അറിയിക്കാമോ ; | | |
| ഡി) | BRDC നല്ല വരുമാനം ഉണ്ടാക്കി തരാൻ സാധ്യത നിലനിൽക്കുന്ന മേൽ പാർക്ക് തടസ്സങ്ങൾ നീക്കി എന്ന് ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുക്കുമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ